പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 477 01-07-2013-ൽ മറുപടിയ്ക്ക്

## സദാചാര പോലീസ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. കെ. ലതിക<br>ശ്രീ. ബി. സത്യൻ<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. രാജു എബ്രഹാം | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സദാചാര പോലീസ് ചമഞ്ഞ് ആക്രമണം അഴിച്ചുവിടുന്ന മതതീവ്രവാദ സംഘടനകളുടെ പ്രവർത്തനം നിരീക്ഷിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) സ്വൈരജീവിതത്തെ വെല്ലുവിളിക്കുന്ന ഇത്തരക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; | (ബി) 'സദാചാര പോലീസ്' എന്ന വാക്ക് നിയമം മൂലം നിർവ്വചിച്ചിട്ടില്ല. ഏതെങ്കിലും തരത്തിലുള്ള സദാചാരവിരുദ്ധ പ്രവർത്തികൾ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ അറിയിക്കാതെ 'സദാചാര പോലീസ്' എന്ന പേരിൽ നിയമം കൈയിലെടുത്ത് മാധ്യമ ശ്രദ്ധ ആകർഷിക്കുവാൻ അക്രമ പ്രവർത്തനങ്ങൾ നടത്തുകമാത്രമാണ് ഇത്തരക്കാർ ചെയ്തുവരുന്നത്. പോലീസിന്റെ അസാന്നിദ്ധ്യത്തിൽ മറ്റുള്ളവരുടെ മേൽ സദാചാരവിരുദ്ധ കുറ്റങ്ങൾ ആരോപിച്ച് നിയമം കൈയിലെടുത്ത് ദേഹോപദ്രവം ഏൽപ്പിക്കുകയും ശിക്ഷ വിധിക്കുകയും ചെയ്യുന്ന ഇത്തരം സാമൂഹ്യദ്രോഹികളെ കർശനമായ നിയമനടപടികൾക്ക് വിധേയരാക്കുന്നതിന് പോലീസ് വകുപ്പ് പൊതുജനങ്ങളുടെ സഹകരണത്തൊടെ ഫലപ്രദമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരം സാമൂഹ്യവിരുദ്ധരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുവാനും ഇത്തരം സംഭവങ്ങൾ മേലിൽ ഉണ്ടാവാതെ നോക്കുന്നതിനായും വിവിധ സന്നദ്ധ സംഘടനകൾ, കുടുംബ യൂണിറ്റുകൾ, റസിഡന്റ്സ് അസോസി |

യേഷനുകൾ, ദൃശ്യ- ശ്രവ്യ മാധ്യമങ്ങൾ എന്നിവയുടെ സഹകരണത്തോടെ ജനമൈത്രി പോലീസ് പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നുണ്ട്. 'സദാചാര പോലീസ്' എന്ന പേരിൽ അതിക്രമം നടത്തുന്നവർക്കെതിരെ ഇന്ത്യൻ ശിക്ഷാനിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകളും കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം 2007-ലെ വകുപ്പുകളും അനുസരിച്ച് കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സദാചാര പോലീസിന്റെ പേരിൽ സംസ്ഥാനത്തുണ്ടായ അതിക്രമങ്ങളും രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളും സംബന്ധിച്ച് കണക്കുകൾ വിശദമാക്കാമോ;

(സി) കേസുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഡി) ഇവർക്കെതിരെ നടപടി സ്വീകരിക്കാൻ പോലീസ് വിമുഖത കാണിക്കുന്നതുമൂലം സംസ്ഥാനത്താകെ ഇത്തരം സംഭവം വ്യാപിച്ചിരിക്കുന്നതായി അറിയാമോ ?

(ഡി) ഇത്തരം കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ പോലീസ് വിമുഖത കാണിക്കുന്നില്ല. 'സദാചാര പോലീസ്' എന്ന പേരിൽ അതിക്രമം നടത്തുന്നവർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകളും കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം 2007-ലെ വകുപ്പുകളും അനുസരിച്ച് കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്. ആയതിനാൽ ഇത്തരം സംഭവങ്ങൾ വ്യാപിക്കാതെ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# CASES RELATED TO INTIMIDATORY COMPULSIVE CONFORMITY ENFORCEMENT (ICCE)- Upto 31.05.2013
( MORAL POLICING )

## ABSTRACT

| Sl. No. | DIST | CASES REGISTERED | | | | |
|---|---|---|---|---|---|---|
| | | MURDER | ABETMENT OF SUICIDE | HURT | THREATEN & ATTEMPT TO HURT | TOTAL |
| 1 | TVM CITY | 0 | 0 | 2 | 0 | 2 |
| 2 | TVM RL | 0 | 0 | 2 | 0 | 2 |
| 3 | KLM CITY | 0 | 0 | 1 | 0 | 1 |
| 4 | ALPY | 0 | 0 | 1 | 0 | 1 |
| 5 | EKM CITY | 0 | 0 | 1 | 0 | 1 |
| | EKM RL | 1 | 0 | 0 | 0 | 1 |
| 6 | TSR RL | 0 | 0 | 2 | 0 | 2 |
| 7 | PKD | 0 | 0 | 1 | 0 | 1 |
| 8 | KKD CITY | 0 | 1 | 1 | 0 | 2 |
| 9 | KKD RL | 1 | 1 | 3 | 0 | 5 |
| 10 | WND | 0 | 1 | 0 | 0 | 1 |
| 11 | KNR | 0 | 0 | 13 | 0 | 13 |
| 12 | KSGD | 0 | 1 | 8 | 1 | 10 |
| TOTAL | | **2** | **4** | **35** | **1** | **42** |

സെക്ഷൻ ഓഫീസർ.